പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 986

6/6/2018 ൽ മറുപടിക്ക്

## മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ

ചോദ്യം

**ശ്രീ.കെ.വി.വിജയദാസ്:**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ.മുരളി പെരുനെല്ലി**
**ശ്രീ.എം. രാജഗോപാലൻ:**

മറുപടി

**അഡ്വ .കെ.രാജു**
**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | **a) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**<br>കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2017-18 ൽ 500 ലക്ഷം രൂപ ലഭ്യമാക്കി 60,000 ത്തോളം കന്നുകാലികളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2018-19 ബഡ്ജറ്റിലും പ്രസ്തുത പദ്ധതിയ്ക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**b) അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി)**<br>2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 625 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br>1. <u>ആട് വളർത്തൽ യൂണിറ്റുകൾ (1.5 കോടി)</u><br>വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | 2. <u>മാംസാവശ്യത്തിനായി പോത്തുകുട്ടിവളർത്തൽ പദ്ധതി (1.25 കോടി)</u><br>മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000/- രൂപ ധനസഹായം ലഭിക്കും.<br>3. <u>മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി (3 കോടി രൂപ)</u>.<br>മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000/- രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 6000 പേർക്കെങ്കിലും പദ്ധതി കൊണ്ട് ആശ്വാസം ലഭിക്കും.<br>4. <u>മാർക്കറ്റിംഗ് ഔട്ട്-ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം(0.25 കോടി)</u><br>പ്രസ്തുത ഘടകം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മൃഗസംരക്ഷണ ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന മേഖലകൾ കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് ഔട്ട്-ലെറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. യൂണിറ്റൊന്നിന് 5 ലക്ഷം രൂപ വീതം നൽകി 5 യൂണിറ്റുകൾ ഇത്തരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>5. <u>ഇറച്ചിക്കോഴി വളർത്തൽ പദ്ധതി (0.25 കോടി )</u><br>ഇറച്ചിക്കോഴി മേഖലയിൽ ഇടപെടുന്നതിനായുള്ള സർക്കാർ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |
| ബി) | മൃഗാശുപത്രികളുടെ ശാക്തീകരണത്തിനും വികസനത്തിനുമായി സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; | ബി) | മൃഗാശുപത്രികളുടെ വികസനവും പുനസംഘടനയും എന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം 2937 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം 3300 ലക്ഷം രൂപയും അനുവദിച്ചു. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സ ധനസഹായം എന്ന ഘടകത്തിന് 2017-18ൽ 150 ലക്ഷം രൂപയും 2018-19ൽ 375 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 2017-18, 18-19 |

| | | | |
|---|---|---|---|
| | | | എന്നീ വർഷങ്ങളിൽ 5 ലക്ഷം രൂപ വീതവും വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 2017-18ൽ 150 ലക്ഷം രൂപയും 2018-19ൽ 20 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 2017-18ൽ 50 ലക്ഷം രൂപയും 2018-19ൽ 45 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിച്ചു വരുന്നു. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ മരുന്നുകൾ സംഭരിക്കുക എന്ന ഘടകത്തിന് 2017-18ൽ 1500 ലക്ഷം രൂപയും 2018-19ൽ 1593 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| സി) | മൃഗചികിത്സാ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നു സംഭരണത്തിനായി പ്രത്യേകം ഘടകം ഉള്ളതിൽ 2017-18ൽ 1500 ലക്ഷം രൂപയും 2018-19ൽ 1593 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട് |
| ഡി) | മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിന് 'ഗോവർദ്ധിനി' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | കന്നുകാലികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗോവർദ്ധിനി. 2016-17ൽ എൻറോൾ ചെയ്തതിൽ 47760 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകി 2017-18ൽ പുതുതായി 14448 കന്നുകുട്ടികളെ എൻറോൾ ചെയ്തു. പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ സബ്സിഡി നിരക്കിൽ തീറ്റ, ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവെയ്പുകൾ, ആരോഗ്യപരിരക്ഷ എന്നിവയും നൽകുന്നു. 2018-19ൽ 4500 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. പുതുതായി 57552 കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്. |

സെക്ഷൻഓഫീസർ